# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 12/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

പ്രിയരെ, നമ്മുടെ ബാംഗ്ലൂർ ഭദ്രാസനത്തിന്റെ 2022-23 വാർഷിക പൊതുയോഗം നമ്മുടെ അദ്ധ്യക്ഷതയിൽ 2023 ജൂലൈ മാസം 6-ാം തീയതി വ്യാഴാഴ്ച ബാംഗ്ലൂർ ഇന്ദിരാനഗർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ വച്ച് കൂടുകയുണ്ടായി. നമ്മുടെ ഭദ്രാസനത്തിലെ വൈദികരും ഭദ്രാസന അസംബ്ലി അംഗങ്ങളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

യോഗം 2022-2023 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുകയും ഓഡിറ്റു ചെയ്ത വരവുചെലവ് കണക്കുകൾ പാസാക്കുകയും ചെയ്തു. അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഭദ്രാസനസെക്രട്ടറി മറുപടി നൽകി. ഭദ്രാസന വികസനപദ്ധതിയുടെ ഭാഗമായി ബാംഗ്ലൂരിൽ ഒരു പൊതുസെമിത്തേരിക്ക് സ്ഥലം വാങ്ങുവാനും ബാംഗ്ലൂരിലും ഹൈദരാബാദിലും ഓർത്തഡോക്സ് സെന്ററുകൾ ആരംഭിക്കുവാനും ഭദ്രാസനത്തിനുവേണ്ടി ബാംഗ്ലൂർ വൈറ്റ് ഫീൽഡ്, സമത്തനഹള്ളിയിൽ 16 ഗുണ്ട (40 സെന്റ്) വസ്തു വാങ്ങുവാനും യോഗം തീരുമാനിച്ചു. ആന്ധ്രയിലെ ഏലൂർ മിഷന്റെ പ്രവർത്തനങ്ങൾക്കായി ആ റീജിയണിലുള്ള അംഗങ്ങളെ ചേർത്ത് ഒരു പുതിയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നതാണെന്ന് ഇടവകമെത്രാപ്പോലീത്ത യോഗത്തെ അറിയിച്ചു. ഭദ്രാസന വികസന സമിതി അവതരിപ്പിച്ച അഞ്ചു വർഷത്തെ വികസന മാസ്റ്റർ പ്ലാൻ യോഗം അംഗീകരിച്ചു. മണിപ്പൂരിൽ സഹായം എത്തിക്കുന്നതിന് National Council of Churches in Indiaയുടെ പ്രവർത്തനങ്ങളോട് സഹകരിക്കുവാനും ബാംഗ്ലൂരിലും ഹൈദരാബാദിലും എക്യുമെനിക്കൽ പ്രസ്ഥാനത്തോടു ചേർന്ന് മണിപ്പൂരിൽ നിന്നും പലായനം ചെയ്തെത്തുന്നവരെ സഹായിക്കുവാനും യോഗം ഇടവക മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. ഭദ്രാസനത്തിന്റെ 2023-2024 വർഷത്തെ Internal Auditors ആയി Mr. K.K. Simon, Mr. M.A. Chacko എന്നിവരെയും External Auditor ആയി Mr. Reny Philip (TPMG & Associates) നെയും യോഗം തെരഞ്ഞെടുത്തു.

നമ്മുടെ ഭദ്രാസന വാർഷികപൊതുയോഗത്തിന് ആതിഥ്യം അരുളുകയും ക്രമീകരണങ്ങൾ ഏറ്റവും ഭംഗിയായി നിർവ്വഹിക്കുകയും ചെയ്ത ബാംഗ്ലൂർ ഇന്ദിരാനഗർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയോടും വികാരി വന്ദ്യനായ മാണി കെ. വർഗ്ഗീസ് അച്ചനോടും കൈസ്ഥാനി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, മറ്റു ചുമതലക്കാർ എന്നിവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

വീണ്ടും പ്രിയരെ, 2021 ജൂലൈ 29-ാം തീയതി കൂടിയ ഭദ്രാസന പൊതുയോഗം തീരുമാനിച്ചതും ഇടവകകൾ അംഗീകരിച്ചതുമായ ശമ്പളക്വോട്ട അനുസരിച്ച് 2023-24 ഭദ്രാസന ക്വോട്ട വിഹിതം ജൂലൈ മാസം മുതൽ ഭദ്രാസന ഓഫീസിൽ അടയ്ക്കേണ്ടതാണ്. അതിൻപ്രകാരം ആ ഇടവകയുടെ 2023 ജൂലൈ മുതൽ 2024 ജൂൺ വരെയുള്ള പ്രതിമാസ ശമ്പളക്വോട്ട Rs. 29,300/- രൂപ ആയിരിക്കും.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 ജൂലൈ മാസം 12-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും